➪ *അപ്പോഴേക്കും കേരളത്തിലെ നക്സലൈറ്റ്പാർട്ടിയുടെ നേതാവായിക്കഴിഞ്ഞിരുന്നു കെ. വേണു* ➪

# മനുഷ്യചരിത്രത്തെ, സമൂഹത്തെ സമഗ്രമായി വിവരിക്കുമ്പോൾ

തികച്ചും രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ മുഴുവൻ സമയവും അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്ന, വേണുവിനെ പോലെയുള്ള ഒരു നേതാവിന്, താൻ ഇടപെടുന്ന മനുഷ്യസമൂഹത്തെ ഏറ്റവും നന്നായി മനസ്സിലാക്കാനുള്ള കഴിവുണ്ട്. ഇതുപോലെ ഒരു സമഗ്രപഠനം മനുഷ്യചരിത്രത്തെയും സമൂഹത്തിനെയും പറ്റി വിവരിക്കാൻ വേറെയാർക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്? 'പ്രകൃതി, ജനാധിപത്യം, സ്വാതന്ത്ര്യം' എന്ന പുസ്തകത്തെ വിലയിരുത്തുന്നു

**ഡോ. ആനന്ദൻ**

**കൊടുങ്ങല്ലൂരിൽ** പ്രവർത്തിച്ചിരുന്ന ജനകീയ വിചാരകേന്ദ്രം പ്രസിദ്ധീകരിച്ച്, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏറ്റവും നല്ല വിജ്ഞാനഗ്രന്ഥത്തിനുള്ള അവാർഡ് നേടിയ 'പ്രപഞ്ചവും മനുഷ്യനും' എന്ന പുസ്തകം കയ്യിൽ കിട്ടുന്നത് ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലത്താണ് (1974). പ്രപഞ്ചത്തിന്റെയും ജീവന്റെയും ഉൽപത്തി മുതൽ ഇതുവരെ എത്തിനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുടെയും വിസ്തരിച്ചുള്ള പ്രതിപാദമായിരുന്നു ആ പുസ്തകം. അപ്പോഴേക്കും കേരളത്തിലെ നക്സലൈറ്റ്പാർട്ടിയുടെ നേതാവായിക്കഴിഞ്ഞിരുന്നു കെ. വേണു. വിപ്ലവാശയങ്ങളിലേക്ക് തീകോരിയിട്ട വർഷങ്ങളായിരുന്നു പിന്നീടു കടന്നുപോയത്. ക്രൈസ്റ്റ് കോളേജിൽ നിന്ന് ഞാൻ കോഴിക്കോട് മെഡിക്കൽ കോളേജിലെത്തുമ്പോൾ, കായണ്ണ പൊലീസ് സ്റ്റേഷനാക്രമണവും രാജൻ സംഭവവും നടന്ന് നക്സലൈറ്റുകളെല്ലാം തടവിലുമായിരുന്നു. സ്വാഭാവികമായും പാർട്ടി സാഹിത്യങ്ങളും ലേഖനങ്ങളും ഒന്നും വിടാതെ ഞാനും വായിക്കാൻ തുടങ്ങി. പിന്നീട് 'വിപ്ലവത്തിന്റെ ദാർശനിക പ്രശ്നങ്ങൾ' എന്ന പേരിൽ വേണു എഴുതിയ പുസ്തകം (1979), 'ദേശീയപ്രശ്നം ഇന്ത്യയിലും കേരളത്തിലും' എന്ന പേരിൽ കെ.എൻ. രാമചന്ദ്രൻ എഡിറ്റ് ചെയ്ത പുസ്തകം (1984), പ്രേരണയിൽ വന്ന നിരവധി ലേഖനങ്ങൾ എന്നിവ വായിച്ചു. 'ദേശീയപ്രശ്നത്തിന്റെ പ്രസക്തി' എന്ന ലേഖനത്തിൽ വേണു പറയുന്നതിങ്ങനെ: "ദേശീയപ്രശ്നത്തോടുള്ള ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ പൊതുവിൽ നിഷേധാത്മകമായ നിലപാടിന്റെ പശ്ചാത്തലത്തിലാണ് ഇന്ന് ഈ വിഷയം ചർച്ച ചെയ്യുന്നത്. പ്രശ്നത്തെ സമഗ്രമായി മനസിലാക്കുന്നതിന് വളരെ ആഴത്തിലുള്ള പഠനം ആവശ്യമാണ്."–*ദേശീയ പ്രശ്നം-പേജ് 24 (1984).*

'പ്രപഞ്ചവും മനുഷ്യനും' എന്ന കൃതിയിൽ 1300 കോടി വർഷം മുമ്പുള്ള പ്രപഞ്ചത്തിന്റെ ഉത്ഭവം തുടങ്ങി, സൗരയൂഥവും ഭൂമിയും അതിൽ ജീവന്റെ ഉൽപത്തിയും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ജീവൻ എങ്ങനെ പരിണമിച്ച് മനുഷ്യൻ ഉണ്ടായി എന്നും അറുപതിനായിരം (60,000) വർഷം മുമ്പ് ക്രോമഗ്നൻ മനുഷ്യനിൽ നിന്ന് എങ്ങനെ ഹോമോസാപിയൻസ് എന്ന ആധുനിക മനുഷ്യൻ പരിണമിച്ചു എന്നും പറയുന്നു. 1970നും 1989–90 നും ഇടയിലുണ്ടായ അന്വേഷണത്തിലും ഒരു പാർട്ടി ഭാരവാഹി എന്ന നിലയിൽ വിപ്ലവപ്രസ്ഥാനത്തെ അദ്ദേഹം കൊണ്ടുനടന്നു. കേരളത്തിൽ അതുവരെയില്ലാതിരുന്ന ഒരു ഉണർവ്വിന്റെ ദൃശ്യം എ

ല്ലാ മേഖലയിലും അന്ന് കാണാമായിരുന്നു. രാഷ്ട്രീയരംഗത്ത്, സാഹിത്യ കലാരംഗങ്ങളിൽ, സിനിമയിൽ, നാടകങ്ങളിൽ എല്ലാം വിപ്ലവാവേശം തുടിച്ചുനിന്നു. എന്നാൽ 'വിപ്ലവങ്ങൾ, പുതിയ വെല്ലുവിളികൾ' എന്ന ഒരു ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതി. "പ്രകൃതി ശാസ്ത്രജ്ഞൻമാരിൽ ഒരുകൂട്ടർ അനിവാര്യതയെയും യാദൃശ്ചികതയെയും പരസ്പരം വർജ്ജിക്കുന്ന, ഒരു തരത്തിലും ബന്ധപ്പെടാത്ത പ്രതിഭാസങ്ങളാണെന്നു കരുതി. അവ രണ്ടും സമാന്തരമായി പ്രകൃതിയിൽ നിലനിൽക്കുകയാണെന്ന് വാദിച്ചു. ഓരോ പ്രതിഭാസത്തിലേയും നിർണ്ണായകവും അടിസ്ഥാനപരവുമായ സ്വഭാവങ്ങൾ യാദൃശ്ചികതയായി കണക്കാക്കി" (1984). ചുരുക്കത്തിൽ ഈ വിഷയങ്ങളെല്ലാം എത്രയോ കാലം മുമ്പ് മുതൽ അദ്ദേഹം അന്വേഷിച്ചിരുന്നു. ഈ പൊതുപശ്ചാത്തലത്തിൽ നിന്ന് വേണം അവസാനത്തെ കണ്ണിയായ 'പ്രകൃതി, ജനാധിപത്യം, സ്വാതന്ത്ര്യം' എന്ന പുസതകം വായിക്കാൻ.

"അനിവാര്യത നിശ്ചയമായും നടക്കേണ്ടതാണല്ലോ. പിന്നെ എങ്ങനെ അനിവാര്യതയെ മാറ്റിത്തീർക്കലാണ് വിപ്ലവം എന്ന് മാർക്സിസത്തിൽ പറയുന്നത് ശരിയാവും?'' ഒരു നൂറ്റാണ്ടായി ലോകമാകെ പ്രചരിപ്പിച്ച ഒരു തത്ത്വശാസ്ത്രം, അതിന്റെ അടിസ്ഥാന തത്വങ്ങളിൽ തന്നെ തെറ്റ് അടങ്ങിയിരിക്കുന്നു! രണ്ടാമതായി മാർക്സിസമനുസരിച്ച് മനുഷ്യസമൂഹത്തെയാകെ മുതലാളി വർഗ്ഗം, തൊഴിലാളി വർഗ്ഗം, പെറ്റി ബുർഷ്വാ സമൂഹം, എന്നിങ്ങനെ മൂന്നോ നാലോ വർഗ്ഗങ്ങളായി വിഭജിക്കാമെന്നാണ്. സ്വതന്ത്രരായി ചിന്തിക്കുന്ന കലാകാരന്മാർ, കരകൗശല തൊഴിലാളികൾ, ഭിന്നശേഷിക്കാർ, നിത്യരോഗികൾ ഇവരെല്ലാം ഏതു വർഗ്ഗത്തിൽപ്പെടുന്നു എന്ന് ചോദിച്ചാൽ ഉത്തരമില്ല. ഒരു ഉദ്ദേശം വച്ച് മുതലാളിയെന്നോ, തൊഴിലാളിയെന്നോ ഒക്കെ പറയും. അതുപ്രകാരം ഇന്ത്യയിൽ ജനങ്ങളെ തരംതിരിക്കാൻ ശ്രമിച്ചപ്പോൾ, ജാതിയാൽ കെട്ടുപിണഞ്ഞുകിടക്കുന്നതു കണ്ടിട്ട് മാർക്സ് തന്നെ പിൻമാറിയെന്നാണ് ചരിത്രം. അപ്പോൾ വർഗ്ഗവിഭജനവും സാധ്യമല്ല. സത്യത്തിൽ ഓരോ വിഭാഗത്തിനും സമൂഹത്തിനും സ്വന്തം സ്വത്വമുണ്ട്, സംസ്കാരമുണ്ട്. അതിനനുസരിച്ചേ അവർ നീങ്ങൂ. നേരത്തെ പറഞ്ഞ 'അനിവാര്യതയുടെ മാറ്റിത്തീർക്കൽ' വിപ്ലവത്തിലൂടെ നടക്കില്ല. എന്നാൽ മാറില്ലെന്ന് വിചാരിക്കുന്ന പലതും പ്രകൃതിയിലും സമൂഹത്തിലും മാറുന്നുമുണ്ട്. അത് അപ്പപ്പോൾ സംഭവിക്കുന്ന യാദൃശ്ചികതയുടെ അടിസ്ഥാനത്തിലാണ്. ഈ യാദൃശ്ചികതയാണ് അനിവാര്യതയെ മാറ്റിതീർക്കുന്നത്. ഈ പുസ്തകത്തിലെ പ്രതിപാദ്യവിഷയങ്ങളിൽ പ്രധാനം അതുതന്നെ. ഇതിലെ ഒന്നാം ഭാഗം തന്നെയെടുക്കാം– 'പ്രകൃതിക്ക് ഒരു ക്രമമുണ്ട്, ക്രമരാഹിത്യമുണ്ട്' എന്ന അദ്ധ്യായം. ഒരു മനശാസ്ത്രജ്ഞന് ഏറ്റവും പരിചയമുള്ള മനുഷ്യമനസ്സിനെ പറ്റി ഒരു വലിയ ലേഖനം തന്നെ ഇതിലുണ്ട്. മനസ്സ് പോലുള്ള വിഷയത്തെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് മാത്രം മതി, ഈ പുസ്തകത്തിന്റെ ആഴം മനസ്സിലാക്കാൻ.

ഭൗതിക പ്രപഞ്ചത്തിന്റെ അജൈവതയെ മറികടക്കുന്ന ജൈവികത, അതായത് ഭൂമിയിൽ ജീവന്റെ പരിണാമം, നേരത്തെ പറഞ്ഞ 'പ്രപഞ്ചവും മനുഷ്യനും' എന്ന പുസ്തകത്തിൽ 47 കൊല്ലം മുമ്പ് വേണു വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇത്രയും കൊല്ലത്തിനിടക്ക് കണ്ടെത്തിയ പുതിയ അറിവുകളെ ഉൾകൊള്ളിക്കുക അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല, പ്രത്യേകിച്ചും ഈ ഇന്റർനെറ്റ് യുഗത്തിൽ. പക്ഷെ, ഇതിൽ അദ്ദേഹം അവതരിപ്പിക്കുന്ന കാഴ്ച്ചപ്പാട് പുതിയതാണ്. "പ്രകൃതിയിൽ പൊതുവായ ക്രമങ്ങളും ചിട്ടകളും കാണാമെങ്കിലും ക്രമരാഹിത്യങ്ങളും യാദൃശ്ചികതകളും പ്രകൃതി പരിണാമത്തെ കാര്യമായി സ്വാധീനിക്കുന്നുണ്ട്. ആവർത്തിച്ചുള്ള വംശനാശ ദുരന്തങ്ങളെയും മറികടന്നുകൊണ്ട് ജൈവപരിണാമത്തിന് മുന്നോട്ടുപോകാൻ കഴിയുംവിധം ജൈവഘടനയിൽ ഒരു തുടർച്ച രൂപപ്പെട്ടിട്ടുള്ളതായും കാണാം."(പേജ് 73).

'ജൈവികതയെ പിന്തള്ളുന്ന മനുഷ്യമനസ്സ്' എന്തുകൊണ്ടും ഈ പുസ്തകത്തിലെ ഏറ്റവും ബൃഹത്തായ അദ്ധ്യായമാണ്. ''പൊതു ജൈവഘടനയിൽ നിന്ന് ഗുണപരമായി വ്യത്യസ്തമായ ഒരു പരിണാമതലം ദൃശ്യമാവുന്നത് ആധുനിക മനുഷ്യന്റെ മാനസികതലം രൂപം കൊള്ളുന്നതോടുകൂടിയാണ്. ഉപകരണ ഉപയോഗത്തിലൂടെയാണ് ബുദ്ധിപരമായ വളർച്ച കൈവരിച്ചതെന്ന ധാരണ സമീപകാലം വരെ ശക്തമായിരുന്നു. ഉത്പാദനോപകരണങ്ങളെ ആധാരമാക്കിയുള്ള മാർക്സിയൻ ചരിത്ര വ്യാഖ്യാനത്തിന്റെ അടിസ്ഥാനവും ഇതുതന്നെയായിരുന്നു. ഇപ്പോൾ ഇങ്ങനെയൊരു ധാരണ നരവംശശാസ്ത്രജ്ഞന്മാർക്കിടയിൽ നിലനിൽക്കുന്നില്ലെന്നു തന്നെ പറയാം" (പേജ് 76).

"ഒരു ലക്ഷം വർഷം മുമ്പു മുതൽ അമ്പതിനായിരം വർഷം മുമ്പുവരെയുള്ള കാലഘട്ടത്തിലാണ് ഹോമോസാപ്പിയൻ ജാതിക്ക് ഭാഷ ഉൾപ്പെടെയുള്ള ആധുനിക മനുഷ്യ

സ്വഭാവങ്ങൾ ലഭ്യമാവാൻ തുടങ്ങിയത്. മാനുഷിക ഗുണങ്ങളിൽ ഏറ്റവും പ്രധാനം തന്നെയാണ് ഭാഷ. ജനിതകമാറ്റം വഴി മസ്തിഷ്ക പ്രവർത്തനത്തിലുണ്ടായ പുതിയ രീതികളാണ് ഇത്തരം കഴിവിന് ആധാരം. ആദിമ മനുഷ്യരുടെ ശബ്ദനാളിയിലും അതിനനുസരിച്ചുള്ള ജനിതകമാറ്റങ്ങൾ ഉണ്ടാവേണ്ടതുണ്ടായിരുന്നു. മറ്റു പൂർവികർക്കൊന്നും കഴിയാത്ത ഭാഷ വളർത്തിയെടുക്കാൻ ഹോമോ സാപ്പിയൻസിന് കഴിഞ്ഞതോടെയാണ് അതുവരെ സാധ്യമാകാതിരുന്ന സാമൂഹികജീവിതം സംഭവിച്ചത്. മാത്രമല്ല, ഒരു തലമുറ സമാഹരിക്കുന്ന വിവരങ്ങളും അനുഭവപാഠങ്ങളും അടുത്ത തലമുറയിലേക്കു പകർത്താനും, അതുവഴി സാംസ്കാരിക പാരമ്പര്യം സംരക്ഷിക്കാനും കഴിയുന്ന അവസ്ഥയിലേക്ക് ആധുനിക മനുഷ്യജാതിക്ക് കഴിഞ്ഞു.'' (പേജ് 78–79).

ഇതുവെറും അനുമാനമല്ല. മെഡിക്കൽ സയൻസ്, മനശാസ്ത്രവിജ്ഞാനത്തിൽ അനേകം കണ്ടുപിടുത്തങ്ങൾ കൂട്ടി ചേർത്തിട്ടുണ്ട്. അവയിലൊന്നാണ് മനുഷ്യന്റെ ദീർഘകാല ഓർമ്മകൾ തലച്ചോറിലെ അതിനായുള്ള കോശങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നതെന്നും, അത് ജനിതകഘടകങ്ങൾ (ഡി. എൻ.എ, ആർ.എൻ.എ) വഴിയാണെന്നും ഉള്ളത്. ഈ ജനിതക ഘടകങ്ങൾ അടുത്തതലമുറയിലേക്ക് കൈമാറ്റം ചെയ്യാനുള്ളതാണല്ലോ, അതേ രൂപത്തിലല്ലെങ്കിലും. അതുകൊണ്ട് മേൽ വിവരിച്ച പ്രസ്താവന പൂർണ്ണമായും അംഗീകരിക്കേണ്ടതാണ്.

“തേനീച്ച സമൂഹവും എറുമ്പിൻ പുറ്റും പക്ഷിക്കൂട്ടങ്ങളും ആട്ടിൻ സമൂഹവും പോലുള്ള ജീവികളിലെ സാമൂഹിക കൂട്ടായ്മയിൽ നിന്നും മൗലികമായി വ്യത്യസ്തമാണ് മനുഷ്യക്കൂട്ടായ്മകൾ. അവയ്ക്ക് അടിസ്ഥാനം ജന്മവാസനകളാണ്. ജനിതകമായ ജന്മവാസനകൾക്കനുസരിച്ച് ഒരേ രീതിയിലുള്ള കൂട്ടായ്മകളുടെ ആവർത്തനം മാത്രമാണ് മറ്റു ജീവികളിൽ കാണാവുന്നത്. എന്നാൽ മനുഷ്യരിലെ കൂട്ടായ്മകളുടെ അടിസ്ഥാനം ജന്മവാസനകളല്ല, ഭാഷയും ആശയങ്ങളുമാണ്. ജൈവീകമേഖലയിൽ നിന്ന് മാനസിക മേഖലയിലേക്കുള്ള ഒരു കുതിച്ചുചാട്ടമാണ് ഇവിടെ സംഭവിച്ചത്” (പേജ് 82, 83)

ഇനിയാണ് മനശാസ്ത്രജ്ഞർക്ക് നന്നായി അറിയാവുന്ന ഒരു കാര്യം അദ്ദേഹം വിവരിക്കുന്നത്, ‘ദർപ്പണനാഢീകോശങ്ങളും സർഗാത്മകതയും’ എന്ന തലക്കെട്ടിൽ. ദർപ്പണ നാഡികോശങ്ങളുടെ പ്രവർത്തനങ്ങൾ ഭാഷയുടെ വളർച്ചയിൽ പങ്കുവഹിച്ചിട്ടുണ്ട്. മാവിൻ ചുവട്ടിൽ നിൽക്കുന്ന രാമു എന്ന കുട്ടി കല്ലെടുക്കുന്നത് കൃഷ്ണൻ എന്ന കൂട്ടുകാരൻ കാണുമ്പോൾ, കൃഷ്ണന്റെ മസ്തിഷ്കത്തിൽ മാവിൽ കല്ലെറിയുന്നതിന്റെ ചിത്രം ഉദ്ദീപിക്കപ്പെടുന്നു. രാമു കല്ലെറിയുന്നതിനുമുമ്പുതന്നെ രാമു അങ്ങനെ ചെയ്യാൻ പോകുന്നു എന്ന് കൃഷ്ണൻ മനസ്സിലാക്കുന്നു. അഥവാ രാമുവിന്റെ മനസ്സുവായിക്കാൻ കൃഷ്ണനു കഴിയുന്നു.” (പേജ് 85)

ഈ കാര്യം 2009-ൽ പ്രസിദ്ധീകരിച്ച ‘മനസ്സിന്റെ ജീവശാസ്ത്രത്തിൽ’ എന്ന പുസ്തകത്തിൽ വിശദമായ അനുബന്ധമായി ചേർത്തിട്ടുണ്ട്. “ഈ അറിവുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് കണ്ണാടി ന്യൂറോൺ. എന്തുകൊണ്ടാണിവയെ  കണ്ണാടി ന്യൂറോൺ (mirror neuron) എന്ന് വിളിക്കുന്നതെന്നുവെച്ചാൽ മറ്റൊരാളുടെ പ്രവൃത്തി കണ്ടാൽ അതേ പ്രവൃത്തി ചെയ്യുന്ന സ്വന്തം ന്യൂറോണുകൾ ഉത്തേജിപ്പിക്കപ്പെടും. ഉദാഹരണത്തിന് ഒരാൾ നമ്മുടെ മുന്നിൽ നിന്ന് അയാളുടെ വലതുകൈ ഉയർത്തിയെന്നിരിക്കട്ടെ, ഞാനെന്റെ വലതുകൈ ഉയർത്തേണ്ടതായ തലച്ചോറിലെ ന്യൂറോണുകൾ ഉത്തേജിപ്പിക്കപ്പെടും. ഞാൻ വലതുകൈ ഉയർത്തിയില്ലെങ്കിലും; ചിലപ്പോൾ ഞാനും വലതുകൈ ഉയർത്തിപോകും. അതിനു ഉദാഹരണമായി തൊപ്പി വില്പനക്കാരന്റെയും കുരങ്ങന്റെയും കഥ ചേർത്തിട്ടുമുണ്ടായിരുന്നു.

ചുരുക്കത്തിൽ തികച്ചും രാഷ്ട്രീയ സാമൂഹ്യമണ്ഡലങ്ങളിൽ മുഴുവൻ സമയവും അർപ്പണബോധത്തോടെ പ്രവർത്തിച്ചിരുന്ന, വേണുവിനെ പോലെയുള്ള ഒരു നേതാവിന്, താൻ ഇടപെടുന്ന മനുഷ്യസമൂഹത്തെ ഏറ്റവും നന്നായി മനസ്സിലാക്കാനുള്ള കഴിവുണ്ട്. അവിടെ പ്രായോഗികതയോ അപ്രായോഗികതയോ, ലാഭമോ നഷ്ടമോ, ചുവടുമാറ്റമോ, രാഷ്ട്രീയമാറ്റമോ ഒന്നും നോക്കേണ്ട കാര്യമില്ല. അതദ്ദേഹം നോക്കിയിട്ടുമില്ല. ഇതുപോലെ ഒരു സമഗ്രപഠനം മനുഷ്യചരിത്രത്തെയും സമൂഹത്തിനെയും പറ്റി വിവരിക്കാൻ വേറെയാർക്ക് ഇതുവരെ കഴിഞ്ഞിട്ടുണ്ട്? ഒന്നും മനസ്സിലാക്കാതെയും ഒരു നയാപൈസ മുടക്കുമുതലില്ലാതെയും, മേലനങ്ങാത്ത ഒരു പീറ രാഷ്ട്രീയസമൂഹം നമ്മെ,  സാധാരണക്കാരെ കാൽകീഴിലിട്ട് ചവുട്ടിയരച്ചുകൊണ്ടിരിക്കുന്നു; ദല്ലാൾ പണിയിലൂടെ കോടികൾ സമ്പാദിക്കുന്നു. അവർക്കുവേണ്ടി തൊണ്ട പൊട്ടുമാറ് സിന്ദാബാദ് വിളിക്കുന്നു. ഇതായിരിക്കുന്നു വലിയ അറിവുണ്ടെന്ന് വിചാരിക്കുന്ന കേരള ജനതയുടേയും അവസ്ഥ. ഈ സ്വയം തിരിച്ചറിയലിനും ഇന്നും പേറിക്കൊണ്ടു നടക്കുന്ന മാറാപ്പുകളെ വലിച്ചെറിയാനും ഇത്തരം ആളുകളും അവരുടെ ഇത്തരം പുസ്തകങ്ങളും വേണം. ■